"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഎ1/408/2019-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23/01/2020

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പദ്ധതി രൂപീകരണത്തിന് ഗ്രാമസഭ ചേരുമ്പോൾ ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭകളും ചേരണമെന്നത് - സംബന്ധിച്ച്.

സൂചന:-

1. ബഹു.ആരോഗ്യ കുടുംബക്ഷേമ - സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ 28.11.2019-ലെ കുറിപ്പ്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗതീരുമാനം 3.6 (പൊതുവിഷയം)

**********************

ലോക ഭിന്നശേഷി ദിനത്തിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് "ഭിന്നശേഷി സൗഹൃദ കേരളം" എന്ന കാമ്പയിൻ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിരുന്നു. ഇതോടൊപ്പം എല്ലാ ഗ്രാമപഞ്ചായത്തു തലത്തിലും നഗരസഭാതലത്തിലും പ്രത്യേകമായി ഭിന്നശേഷി സൗഹൃദ ഗ്രാമസഭകൾ ചേരണമെന്നും ഭിന്നശേഷിക്കാരെയും അവരുടെ രക്ഷിതാക്കളേയും പങ്കെടുപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം വേണമെന്നും സൂചന(1) പ്രകാരം ബഹു.ആരോഗ്യ കുടുംബക്ഷേമ - സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശം നൽകുന്നു.

1. ആസൂത്രണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപന തലത്തിൽ ഭിന്നശേഷി ഗ്രാമസഭ ചേരേണ്ടത് നിർബന്ധമാണ്. 2020-2021-ലെ വാർഷിക പദ്ധതി രൂപീകരണത്തിന് ഗ്രാമസഭ ചേരുമ്പോൾ ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭകളും ചേരേണ്ടതാണ്.
2. സാമൂഹ്യനീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും ചേർന്നു നടപ്പാക്കുന്ന "ഭിന്നശേഷി സൗഹൃദ കേരളം" പദ്ധതിയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണം ഉണ്ടാകേണ്ടതാണ്.

ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.